## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1493** — **16.03.2015 ലെ മറുപടിക്ക്**

**ആഗോള പ്രവാസി മലയാളി സംഗമം**

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

**മറുപടി**

**ശ്രീ. കെ.സി. ജോസഫ്**

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആഗോള പ്രവാസി മലയാളി സംഗമ പ്രഖ്യാപനങ്ങളും തീരുമാനങ്ങളും എന്തൊക്കെയെന്നു വിശദമാക്കാമോ; | (എ) | 2015 ജനുവരി 16-17 തീയതികളിൽ കൊച്ചിയിൽ നടന്ന ആഗോള പ്രവാസി മലയാളി സംഗമത്തിൽ താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്<br><br>1. പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധ നീതിന്യായ അധികാരമുള്ള എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കും.<br><br>2. പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തനതു മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും.<br><br>3. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ നിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും.<br><br>4. കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർ നാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. |

| | | | |
|---|---|---|---|
| | | | 5. പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ, പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും .<br><br>6. വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവ വിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും.<br><br>7. സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും. |
| (ബി) | സംഗമത്തിന്റെ ഭാഗമായി പുനരധിവാസപാക്കേജിൽ ഉൾപ്പെടുത്തിയിട്ടുളള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംഗമത്തിന്റെ ഭാഗമായി പുനരധിവാസ പാക്കേജിൽ പദ്ധതികൾ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ